(ബി) പ്രസ്തുത ബൈപാസിന്റെ നിർമ്മാണ പുരോഗതിക്ക് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ ;

(സി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്ത് നടപടി കൈക്കൊണ്ടു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ലാന്റ് അക്വിസിഷനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മംപുറം ഭാഗത്തുള്ള ഏകദേശം 80 മീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ട്. സ്റ്റേ മാറ്റികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിളയൂർ-പേരടിയൂർ-പുലാമന്തോൾ ഹൈസ്കൂൾ റോഡ് ഏറ്റെടുക്കണമെന്ന ആവശ്യം

51 (1990) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട വിളയൂർ-പേരടിയൂർ-പുലാമന്തോൾ ഹൈസ്കൂൾ റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റോഡ് ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഈ പഞ്ചായത്ത് റോഡ് ഏറ്റെടുക്കുന്നതിനായുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും വിഭാഗം) പരിശോധിച്ചുവരികയാണ്.

സമാന്തര നടപ്പാത നിർമ്മാണം

52 (1991) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജക മണ്ഡലത്തിൽ നാഗംപടം റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി നടപ്പാത നിർമ്മിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) റയിൽവേയുടെ അധികാര പരിധിയിൽ വരുന്ന കാര്യമായതിനാൽ അവരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly